# കേരള സർവകലാശാല

നം. പി.ആർ.280/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### സൂക്ഷ്മ പരിശോധനയ്ക്ക് ഹാജരാകണം

കേരള സർവകലാശാല മാർച്ചിൽ നടത്തിയ അഞ്ചാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി (ത്രിവത്സരം) പരീക്ഷയുടെ സൂക്ഷ്മ പരിശോധനയ്ക്ക് അപേക്ഷിച്ചവർ ഹാൾടിക്കറ്റുമായി ഡിസംബർ 28 മുതൽ ജനുവരി നാല് വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ പുന:പരിശോധനാ വിഭാഗത്തിൽ (EJ I Section) വരേണ്ടതാണ്.

### ബി.എച്ച്.എം ഫലം

കേരള സർവകലാശാല ജൂണിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജിയുടെ (ബി.എച്ച്.എം) (2014 സ്കീം - റഗുലർ ആന്റ് സപ്ലിമെന്ററി, 2011 & 2006 സ്കീം - സപ്ലിമെന്ററി) ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യ നിർണ്ണയത്തിനുള്ള അവസാന തീയതി ജനുവരി 22. വിശദവിവരം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### എം.എ ഫലം

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ എം.എ ഇക്കണോമിക്സ് സപ്ലിമെന്ററി (വിദൂര വിദ്യാഭ്യാസ കേന്ദ്രം) / മേഴ്സി ചാൻസ് പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### എം.ഫിൽ യൂണിവേഴ്സിറ്റി സ്കോളർഷിപ്പ് 2017 -2018

കേരള സർവകലാശാല 2017-2018 വർഷത്തെ എം.ഫിൽ. വിദ്യാർത്ഥികൾക്കുള്ള യൂണിവേഴ്സിറ്റി സ്കോളർഷിപ്പിന് അപേക്ഷകൾ ക്ഷണിക്കുന്നു. സർവകലാശാലയുടെ വിവിധ ഡിപ്പാർട്ട്മെന്റുകളിലും അഫിലിയേറ്റഡ് കോളേജുകളിലും 2017-18 വർഷം എം.ഫിൽ. കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. വാർഷിക വരുമാനം 42000/- രൂപയിൽ കവിയാൻ പാടില്ല. കോളേജ്/ഡിപ്പാർട്ട്മെന്റ് മേധാവി വഴി നിശ്ചിത ഫോമിലുള്ള അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ജനുവരി 20. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) news എന്ന ലിങ്കിൽ ലഭിക്കും.

### ബി.എസ്.സി ഫലം

കേരള സർവകലാശാല ആഗസ്റ്റിൽ നടത്തിയ ബി.എസ്.സി (ആന്വൽ സ്കീം) മേഴ്സി ചാൻസ് പാർട്ട് മൂന്ന്-മെയിൻ പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മ പരിശോധനയ്ക്കും പുനർമൂല്യ നിർണ്ണയത്തിനും ജനുവരി 29 വരെ അപേക്ഷിക്കാവുന്നതാണ്.

### കെമാറ്റ് പ്രവേശന പരീക്ഷ 2018-19

കേരള സർവകലാശാലയുടെ ആഭിമുഖ്യത്തിലും മേൽനോട്ട സമിതിയുടെ നിയന്ത്രണത്തിലും നടത്തുന്ന എം.ബി.എ പ്രവേശന പരീക്ഷയായ കെമാറ്റ് കേരള 2018-19 ലെ പ്രവേശന പരീക്ഷ ഫെബ്രുവരി നാലിന് കേരളത്തിലെ വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് kmatkerala.in എന്ന വെബ്സൈറ്റിലും കൂടാതെ സർവകലാശാലയുടെ (www.keralauniversity.ac.in) news എന്ന ലിങ്കിലും ലഭിക്കും. അപേക്ഷകൾ സ്വീകരി

ക്കുന്ന അവസാന തീയതി ജനുവരി 19. ഹെൽപ്പ് ലൈൻ നമ്പേഴ്സ് : 0471 –2335133, 8547255133.

## കേരള സർവകലാശാലയ്ക്ക് ഓവറോൾ കിരീടം

തമിഴ്നാട്ടിലെ ഹിന്ദുസ്ഥാൻ സർവകലാശാലയിൽ വച്ച് നടന്ന ദക്ഷിണ മേഖല അന്തർ സർവകലാശാല യുവജനോത്സവത്തിൽ കേരള സർവകലാശാലയ്ക്ക് ഓവറോൾ കിരീടം. ഡിസംബർ 18 മുതൽ 22 വരെ നടന്ന യുവജനോത്സവത്തിൽ ആറു സംസ്ഥാനങ്ങളിൽ നിന്നായി അൻപതിൽ പരം സർവകലാശാലകളെ പിന്തള്ളിയാണ് കേരള സർവകലാശാല ഈ ഉജ്ജ്വല നേട്ടം കൈവരിച്ചത്. 2017 മാർച്ചിൽ നടന്ന കേരള സർവകലാശാല യുവജനോത്സവത്തിൽ വിജയികളായവരിൽ നിന്നും പ്രത്യേക സ്ക്രീനിങ് നടത്തി തെരഞ്ഞെടുത്ത 38 കലാകാരൻമാരും കലാകാരികളുമാണ് ഈ യുവജനോത്സവത്തിൽ പങ്കെടുത്തത്. യുവജനോത്സവങ്ങളിലെ ഏറ്റവും ശ്രദ്ധേയ ഇനമായ നാടക മത്സരത്തിൽ സർവകലാശാലയ്ക്ക് ഒന്നാം സ്ഥാനം നേടാനായി. ഈസ്റ്റേൺ സംഘഗാനം, കൊളാഷ് എന്നീ ഇനങ്ങളിലും കേരള സർവകലാശാലയ്ക്ക് തന്നെയായിരുന്നു ഒന്നാം സ്ഥാനം. കലാ ഇനങ്ങളിൽ മാത്രമല്ല, ബൗദ്ധിക നിലവാരത്തിലും കേരള സർവകലാശാല മുൻപന്തിയിൽ തന്നെ എന്നതിന്റെ തെളിവാണ് പ്രശ്നോത്തരി മത്സരത്തിലെ ഒന്നാം സ്ഥാനം. പ്രസംഗം, ക്ലാസിക്കൽ നോൺ പെർകഷൻ എന്നീ ഇനങ്ങളിൽ രണ്ടാം സ്ഥാനവും വെസ്റ്റേൺ (സോളോ), സ്കിറ്റ്, കാർട്ടൂണിങ് എന്നീ ഇനങ്ങളിൽ മൂന്നാം സ്ഥാനവും കേരള സർവകലാശാല കരസ്ഥമാക്കി. വിദ്യാർത്ഥികളുടേയും പരിശീലകരുടേയും സ്റ്റുഡൻസ് സർവീസ് ഡിപ്പാർട്ട്മെന്റിലെ ജീവനക്കാരുടേയും ഒരു മാസം നീണ്ടു നിന്ന കഠിനപ്രയത്നത്തിന്റേയും ഒത്തൊരുമയുടേയും ചിട്ടയായ ആസൂത്രണത്തിന്റേയും വിജയമാണ് സർവകലാശാലയ്ക്ക് ലഭിച്ച ഈ ഓവറോൾ കിരീടം എന്ന് സ്റ്റുഡന്റ്സ് സർവീസസ് ഡയറക്ടർ ഡോ. വിജയലക്ഷ്മി പ്രതികരിച്ചു. 2018 ഫെബ്രുവരിയിൽ ജാർഖണ്ഡിലെ റാഞ്ചിയിൽ വച്ചു നടക്കാനിരിക്കുന്നന ദേശീയ അന്തർ സർവകലാശാല യുവജനോത്സവത്തിലും ഈ വിജയം ആവർത്തിക്കാൻ കഴിയുമെന്ന് ഡോ. വിജയലക്ഷ്മി ആത്മ വിശ്വാസം പ്രകടിപ്പിച്ചു.




*ദക്ഷിണമേഖല അന്തർസർവകലാശാല യുവജനോത്സവത്തിൽ ഓവറോൾ കിരീടം നേടിയ കേരള സർവകലാശാല ടീം*

(ഫോട്ടോ ഇമെയിൽ ചെയ്തിട്ടുണ്ട്)

തിരുവനന്തപുരം.
26.12.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**